പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5774 27.10.2011- ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പാഠ്യപദ്ധതിയിൽ
മാറ്റം വരുത്തൽ

ചോദ്യം

ശ്രീ. എ. റ്റി. ജോർജ്
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഹൈബി ഈഡൻ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ മേഖല യിൽ വന്ന മാറ്റം കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ടെക്നിക്കൽ സ്കൂളുകളിലും പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(എ) വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ടെക്നിക്കൽ സ്കൂളുകളിലും പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിൽ ഉണ്ട്. അധിക കേന്ദ്ര സഹായം പ്രകാരം കൃഷി അനുബന്ധ മേഖല, ഹ്യൂമാനിറ്റീസ് ആന്റ് കോമേഴ്സ് മേഖല എന്നിവയിൽ കോഴ്സുകളുടെ പരിഷ്കരണം സംബന്ധിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ബി) ഇതിനായി നോർക്ക-റൂട്ട്സ് മുൻകൈ എടു ക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

(സി) ബാധകമല്ല.

സെക്ഷൻ ഓഫീസർ